"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി - കോവളം - ബേക്കൽ ജലപാത വികസനം - വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് - വർക്കല ഭാഗത്തെ പുനരധിവാസം - 24 കുടുംബങ്ങളുടെ ലിസ്റ്റിന് അംഗീകാരം നൽകിയത് - ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.59/2025/CSIND തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.26/2025/സി.എസ്.ഐ.എൻ.ഡി, തീയതി 26/06/2025.

2. കിൽ, ചീഫ് എഞ്ചിനീയർ സമർപ്പിച്ച 25/07/2025-ലെ KWIL/WCC/Rehab/72/2025 നമ്പർ കത്ത്.

**ഉത്തരവ്**

കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത വികസനവുമായി ബന്ധപ്പെട്ട് വർക്കല ഭാഗത്ത് വെസ്റ്റ് കോസ്റ്റ് റീഹാബിലിറ്റേഷൻ പാക്കേജ് പ്രകാരം പുനരധിവാസത്തിന് അർഹരായ 24 കുടുംബങ്ങളുടെ ലിസ്റ്റിന് അംഗീകാരം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി നദിയ ബാജി ( ക്രമ നം. 24 - T6-196) - ക്ക് പാക്കേജ് തുകയായ 10 ലക്ഷം രൂപയിൽ നിന്നും മുൻപ് ലഭ്യമായിട്ടുള്ള പട്ടയ ഭൂമിയുടെ വിലയായ 6 ലക്ഷം രൂപയും കെട്ടിടത്തിന്റെ മൂല്യനിർണ്ണയതുകയും കുറച്ചശേഷമുള്ള പാക്കേജ് തുകയും, 1 ലക്ഷം രൂപ വാടകത്തുകയും അനുവദിക്കുന്നതിന് അതിൽ അനുമതി നൽകിയിരുന്നു. ശ്രീമതി നദിയ ബാജിക്ക് കെട്ടിടത്തിന്റെ മൂല്യനിർണ്ണയ തുക കുറവ് വരുത്താതെ പാക്കേജ് തുകയായ 10 ലക്ഷം രൂപയിൽ നിന്നും ഭൂമിയുടെ വിലയായ 6 ലക്ഷം രൂപ മാത്രം കുറവ് വരുത്തി ബാക്കി 4 ലക്ഷം രൂപയും, 1 ലക്ഷം രൂപ വാടകത്തുകയും അനുവദിക്കുന്നതിന് അനുമതി നല്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ, കിൽ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി നദിയ ബാജി, കനാൽ പുറമ്പോക്ക്, വെട്ടൂർ എന്നയാളുടെ കെട്ടിടത്തിന്റെ മൂല്യം തുലോം ചെറുതാണെന്നതും, പാർപ്പിടം നിർമ്മിക്കുന്നതിന് ഇപ്രകാരം നൽകുന്ന തുക അപര്യാപ്തമാണെന്നതും പരിഗണിച്ച് മൂല്യനിർണ്ണയതുക പാക്കേജ് തുകയിൽ നിന്നും കുറവ് വരുത്തുന്നത് ഒഴിവാക്കി ഭൂമി ലഭ്യമാണെന്നതിനാൽ 6 ലക്ഷം രൂപ പാക്കേജ് തുകയിൽ നിന്നും കുറവ് വരുത്തി 4,00,000/- രൂപയും, ഒരു ലക്ഷം രൂപ വാടകത്തുകയും അനുവദിക്കുന്നതിന് അനുമതി നൽകികൊണ്ട് പരാമർശം (1) ഉത്തരവിലെ അനുബന്ധത്തിലെ പട്ടിക 5 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

" 5. പ്രത്യേക കേസായി പരിഗണിച്ച് പാക്കേജ് തുകയായ 10 ലക്ഷം രൂപയിൽ നിന്നും ഭൂമിയുടെ തുകയായി 6 ലക്ഷം രൂപ കുറവ് ചെയ്ത ശേഷമുള്ള തുകയ്ക്കും ഒരു ലക്ഷം രൂപ വാടക തുകയ്ക്കും അർഹതയുള്ള കുടുംബം

| Sl. No. | Property/ Owner | Name | Address as per Ration Card | Ration card Number | Amount deducted (Rs.) | Balance Amount Payable from Package amount of Rs. 10 lakhs (Rs.) |
|---|---|---|---|---|---|---|
| WARD-1-VETTOOR | | | | | | |
| 24 | T6-196 | നദിയ ബാജി | കനാൽ പുറമ്പോക്ക്, വെട്ടൂർ | 1171077775 | 6,00,000/- | 4,00,000/- |

3. മേൽ പറഞ്ഞ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ജില്ലാകളക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ/ ചീഫ് എഞ്ചിനീയർ, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി., കിയാൽ , കൊച്ചി എയർപോർട്ട് പി.ഒ, കൊച്ചി.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം, കൊല്ലം.
ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ ) വകുപ്പ്.
ധനകാര്യ വകുപ്പ് ( INFRA7/59/2025 -FIN, തീയതി 01/12/2025)
മത്സ്യ ബന്ധന തുറമുഖ (സി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (ഫയൽ നം. എ2/145/2025/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം
Signed by
Bimal V
Date: 20-12-2025 10:42:12
സെക്ഷൻ ഓഫീസർ